LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിലെ വിനോദസഞ്ചാര പദ്ധതികൾ

258 (5061) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ ഡി.റ്റി.പി.സി.- കളുടെ നിയന്ത്രണത്തിലുള്ള എത്ര ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികൾവഴി ഏതെല്ലാം പ്രോജക്ടുകളാണ് അനുവദിച്ചിട്ടുള്ളത് ; ഓരോ പ്രോജക്ടിന്റെയും പേര്, തുക, നിർമ്മാണ ഏജൻസി എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് സമയം നിശ്ചയിച്ചിരുന്നോ ; വ്യക്തമാക്കാമോ ;

(സി) ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ ടൂറിസം വകുപ്പ് സംസ്ഥാന നിർമ്മിതി കേന്ദ്രംവഴി നടപ്പിലാക്കുന്ന പദ്ധതികളുടെ ഓരോന്നിന്റെയും തുക, സമയം, നിർമ്മാണമേൽനോട്ടം എന്നിവ സഹിതം വിശദമാക്കാമോ ?

ഉത്തരം

(എ) വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നിശ്ചയിച്ചിരുന്നു.

(സി) ആക്കുളം വാട്ടർ പാർക്കിന്റെ നവീകരണത്തിനായുള്ള 1,33,99,610 രൂപയുടെ പദ്ധതി പൂർത്തിയാക്കി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഓഫീസ് കെട്ടിടം, ടോയ്‌ലറ്റ് ബ്ലോക്ക്, ബോട്ട് ക്ലബ്ബ്, നീന്തൽകുളം, കാന്റീൻ കെട്ടിടം എന്നിവയുടെ നവീകരണം, ചുറ്റുമതിൽ നിർമ്മാണം, ഓപ്പറ പവലിയൻ നിർമ്മാണം, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഇലക്ട്രിക്കൽ റൂമിന്റെ നിർമ്മാണം ലാന്റ് സ്കേപ്പിംഗ് എന്നിവയാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ 2,25,00,000 രൂപയുടെ Leisure Park-ന്റെ നിർമ്മാണവും നടന്നുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.